**Athmaraksha.org**

വ്യക്തിപരമായ പ്രാർത്ഥനകൾ

## പ്രാർത്ഥിക്കുമ്പോൾ അറിഞ്ഞിരിക്കേണ്ടത്

| PRAYER | |
|---|---|
| P - Praise | സ്തുതിക്കുക |
| R - Raise | ഉയർത്തുക |
| A - Adore | ആരാധിക്കുക |
| Y - Yes | അംഗീകരിക്കുക |
| E - Ectasy | നിർവൃതി |
| R - Rapt | ലയിക്കുക |

1. പ്രാർത്ഥന ആരംഭിക്കുമ്പോൾ ഹൃദയം ദൈവത്തിന് സമർപ്പിച്ച് എളിമയോടും വിശ്വസത്തോടും കൂടി പ്രാർത്ഥിക്കുക.
2. പ്രാർത്ഥന വായിച്ചു പോകുവാനുള്ളതല്ല. അത് ദൈവവുമായുള്ള സംഭാഷണമായിരിക്കണം.

3. പ്രാർത്ഥനയിൽ അടിയുറച്ച ജീവിതം മനുഷ്യനെ നന്മയിലേക്ക് നയിക്കുന്നു.
4. ശരീരത്തിന്റെ ഭക്ഷണം എന്നപോലെയാണ് നമ്മുടെ ആത്മാവിന്റെ പ്രാർത്ഥന.

തിരുവചനം
പ്രഭാതത്തിൽ ഉണർന്ന് അവിടുത്തെ അന്വേഷിക്കുന്നവനു കൃപ ലഭിക്കും(പ്രഭാഷകൻ 32:14)

നീ പ്രാർത്ഥിച്ചാൽ കർത്താവ് ഉത്തരമരുളും; നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ, എന്ന് അവിടുന്ന് മറുപടി തരും. മർദ്ദനവും കുറ്റാരോപണവും ദുർഭാഷണവും നിന്നിൽ നിന്ന് ദൂരെയകറ്റുക(ഏശയ്യ 58:9).

നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന്, കതകടച്ച്, രഹസ്യമായി നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക; രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്കു പ്രതിഫലം നൽകും(മത്തായി 6:6).

പ്രത്യാശയിൽ സന്തോഷിക്കുവിൻ; ക്ലേശങ്ങളിൽ സഹനശീലരായിരിക്കുവിൻ; പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരായിരിക്കുവിൻ (റോമാ 12:12).
പ്രാർത്ഥനയിൽ മടുപ്പു തോന്നരുത്; ദാനധർമത്തിൽ വൈമുഖ്യം കാണിക്കരുത് (പ്രഭാഷകൻ 7:10).

നിന്റെ എല്ലാ പ്രവൃത്തികളും ദൈവവിചാരത്തോടെയാകട്ടെ; അവിടുന്ന് നിനക്ക് വഴി തെളിച്ചു തരും (സുഭാഷിതങ്ങൾ 3:6).

+++